# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5889 — 09.07.2012 ൽ - മറുപടിക്ക്

## പുറക്കാട് ഗ്രാമപഞ്ചായത്തിലെ റേഷൻ കട പുന:സ്ഥാപിക്കാൻ നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ജി. സുധാകരൻ | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) | പുറക്കാട് ഗ്രാമപഞ്ചായത്ത് 8-ാം വാർഡിൽ പ്രവർത്തിച്ചിരുന്ന 214-ാം നമ്പർ റേഷൻകട മെയ് 31-ാം തീയതി അവിടെ നിന്നും മാറ്റി സ്ഥാപിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത റേഷൻ കട മാറ്റി സ്ഥാപിക്കുന്നതിന് അനുമതി വാങ്ങിയിരുന്നോ; | (എ) | പുറക്കാട് ഗ്രാമപഞ്ചായത്ത് 8-ാം വാർഡിൽ പ്രവർത്തിച്ചിരുന്ന 214-ാം നമ്പർ റേഷൻ കട മാറ്റി സ്ഥാപിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 214-ാം നമ്പർ റേഷൻകട പ്രവർത്തിച്ചിരുന്ന കെട്ടിടം കാലപ്പഴക്കത്താൽ ജീർണ്ണാവസ്ഥയിലായിരുന്നു. കാലവർഷം ആരംഭിക്കുന്നത് കണക്കിലെടുത്ത് നാശനഷ്ടം ഒഴിവാക്കുവാൻ താൽക്കാലികമായി മാറ്റിസ്ഥാപിക്കുവാൻ താലൂക്ക് സപ്ലൈ ഓഫീസർ അനുവാദം നൽകിയിരുന്നു. |
| (ബി) | റേഷൻ കട പഴയ സ്ഥലത്തു തന്നെ നിലനിർത്തണമെന്ന് ആവശ്യപ്പെട്ട് പ്രദേശവാസികൾ നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനുമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ? | (ബി) | ഉണ്ട്. പ്രദേശവാസികൾക്ക് റേഷൻ വാങ്ങുന്നതിന് സൗകര്യപ്രദമായ സ്ഥലത്തേക്ക് റേഷൻകട മാറ്റുന്നതിനായി പുതിയ കെട്ടിടം കണ്ടെത്തണമെന്ന് റേഷൻകടയുടമയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ